**പതിനാലാംകേരള നിയമസഭ**
**രണ്ടാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 16 26-09-2016 ൽ മറുപടിക്ക്**

## ക്യാബിനറ്റ് ബ്രീഫിംഗ്

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>ഡോ. എം. കെ. മുനീർ<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. എം. ഉമ്മർ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) 'ക്യാബിനറ്റ് ബ്രീഫിംഗ്' എന്ന കീഴ് വഴക്കം ഒഴിവാക്കാനിടയായ സാഹചര്യം വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത തീരുമാനം ഭരണ നടപടികളിലെ സുതാര്യതയെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (എ) & (ബി) ക്യാബിനറ്റ് ബ്രീഫിംഗ് ഒഴിവാക്കിയിട്ടില്ല. മന്ത്രിസഭാ തീരുമാനങ്ങൾ സംബന്ധിച്ച് ആവശ്യാനുസരണം ക്യാബിനറ്റ് ബ്രീഫിംഗ് നടത്തുന്നുണ്ട്. മന്ത്രിസഭാ തീരുമാനങ്ങൾ അതാത് ദിവസം തന്നെ പ്രസ് റിലീസായി മാധ്യമങ്ങൾക്ക് നൽകുന്നുണ്ട്. കൂടാതെ ഭരണ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിന്റെ ഭാഗമായി മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അവ പുറപ്പെടുവിക്കുന്നതോടൊപ്പം തന്നെ മന്ത്രിസഭാ യോഗത്തിന്റെ നടപടി കുറിപ്പുകൾ, അജണ്ടാ കുറിപ്പുകൾ എന്നിവ ഉൾപ്പെടെ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന ഉത്തരവ് എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. അതിൻ പ്രകാരം സർക്കാർ വെബ്സൈറ്റിൽ അവ പ്രസിദ്ധീകരിച്ചു വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ